# കേരള സർവകലാശാല

നം.പി.ആർ.229/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ബി.എ. പ്രവേശനം

വിദൂര വിദ്യാഭ്യാസ വിഭാഗം 2018-20 ബാച്ചിലേക്കുള്ള എം.ബി.എ. പ്രവേശന പട്ടിക പ്രസിദ്ധീകരിച്ചു. ഒക്ടോബർ 25 ന് വൈകുന്നേരം 5 മണി വരെ ഫീസടയ്ക്കാം. വിശദവിവരങ്ങൾ www.ideku.in എന്ന വെബ്സൈറ്റിൽ.

### പ്രായോഗിക പരീക്ഷ

2018 ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്.സി. ഇലക്ട്രോണിക്സ് നാലാം സെമസ്റ്റർ പരീക്ഷയുടെ പ്രായോഗിക പരീക്ഷ അതത് കോളേജുകളിൽ നവംബർ 5 ന് തുടങ്ങും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

2018 ഏപ്രിലിൽ നടത്തിയ അവസാനവർഷ ബി.എ.(ആന്വൽ) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായും ഓഫ്ലൈനായും അപേക്ഷിച്ചിട്ടുള്ളവർ തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി ഇ.ജെ.V സെക്ഷനിൽ (റീവാല്യുവേഷൻ) ഒക്ടോബർ 22 മുതൽ നവംബർ 5 വരെയുള്ള പ്രവൃത്തിദിവസങ്ങളിൽ ഹാജരാകണം.

### പരീക്ഷാഫലം

2018 ആഗസ്റ്റിൽ നടത്തിയ അവസാനവർഷ ബി.ഡി.എസ് പാർട്ട് II (സപ്ലിമെന്ററി-2008 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 31 വരെ അപേക്ഷിക്കാം.

### സീറ്റൊഴിവ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ എം. എ. ഇംഗ്ലീഷിന് പട്ടിക ജാതി വിഭാഗത്തിൽ ഒഴിവുള്ള ഒരു സീറ്റിലേക്ക് ഒക്ടോബർ 22 ന് രാവിലെ 10.30 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. അർഹരായവർ വയസ്സ്, യോഗ്യത എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി കൃത്യസമയത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ ഹാജരാകണം.

### പി.ജി പ്രവേശനം 2018

സ്പോട്ട് അഡ്മിഷനിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഒക്ടോബർ 23 വരെ വിവിധ കോളേജുകളിൽ പ്രവേശനം നേടാവുന്നതാണ്. കാര്യവട്ടം ഗവ.കോളേജിൽ എം.എസ്.സി മാത്തമാറ്റിക്സിന് ഒക്ടോബർ 17 ന് നടത്താനിരുന്ന സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 22 ന് രാവിലെ 10 മണിക്ക് നടത്തുന്നതാണ്.

## ജെ.ആർ.എഫ്/നെറ്റ് പരീക്ഷാ പരിശീലനം

യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ നെറ്റ്/ ജെ.ആർ.എഫ് പരീക്ഷകളുടെ ജനറൽ പേപ്പറിന് അപേക്ഷിച്ചവർക്ക് പരിശീലനം നൽകാനായി ഒക്ടോബർ 20 മുതൽ ഹോളിഡേ/വീക്കെന്റ് ബാച്ച് ആരംഭിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പ്രവേശനം. താൽപര്യമുള്ളവർ തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിലുള്ള സ്റ്റുഡന്റ്സ് സെന്ററിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ ഓഫീസിലെത്തി രജിസ്റ്റർ ചെയ്യണം. വിവരങ്ങൾക്ക് 0471-2304577 എന്ന നമ്പറിൽ ബന്ധപ്പെടുക.

## എം.ഫിൽ ഡിസർട്ടേഷൻ

സർവകലാശാലയിലേയും യൂണിവേഴ്സിറ്റി കോളേജിലേയും രണ്ടാം സെമസ്റ്റർ എം.ഫിൽ ഡിസർട്ടേഷൻ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 26 ൽ നിന്നും നവംബർ 16 ലേക്ക് മാറ്റിയിരിക്കുന്നു.

തിരുവനന്തപുരം.
20.10.2018

പബ്ലിക് റിലേഷൻസ് ഓഫീസർ